പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4719 — 26-06-2019-ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ; | (എ) & (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടം മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിനുള്ള ധനസഹായം ആ കാലയളവിൽ തന്നെ വിതരണം ചെയ്തിട്ടുണ്ട്. കൃഷി തുടർന്നും നടപ്പിലാക്കിയിട്ടുള്ള ടി കർഷകരുടെ കുടുംബാംഗങ്ങൾക്ക് അതത് വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്കായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | | |
| (സി) | കർഷകരെ കടബാധ്യതയിൽപെടാതെ നോക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | 2018-ലെ പ്രളയത്തിനുശേഷം 20/08/2018-ൽ നടന്ന പ്രത്യേക സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗ തീരുമാനപ്രകാരം കാർഷിക ഹ്രസ്വകാല വായ്പകൾക്ക് 31/07/2018 മുതൽ ഒരു വർഷത്തേയ്ക്കുള്ള മൊറട്ടോറിയം പ്രഖ്യാപിക്കുകയും ദീർഘകാല വായ്പകൾക്ക് 31/07/2018 മുതൽ 18 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു.<br>ഹ്രസ്വകാല വായ്പകൾ പുന:ക്രമീകരിക്കുവാൻ 2018 ഡിസംബർ 31 വരെ റിസർവ്വ് ബാങ്ക് അനുവാദം നൽകി.<br>2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി |

| | | | |
|---|---|---|---|
| | | | ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ വിധ വായ്പകളിൻമേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം അനുവദിച്ചു. പ്രസ്തുത മൊറട്ടോറിയം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുമുൾപ്പെടെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കി.<br>ബാങ്കുകൾ റവന്യൂ റിക്കവറി ആവശ്യപ്പെട്ടിരുന്നാലും നടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.<br>ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്നുള്ള സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി രണ്ട് ജില്ലകളിലും ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ, ബാങ്ക് ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളേയും കൃഷി വകുപ്പ് ജീവനക്കാരേയും കൂടി ഉൾപ്പെടുത്തി സബ് കമ്മിറ്റികൾ രൂപീകരിക്കുകയും ഓരോ കേസിലും സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ഈ സബ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br>പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, കിസാൻ ക്രെഡിറ്റ് ഉടമകൾ എന്നീ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പ പദ്ധതി' നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**